(I) വിത്തിന്റെ ഉല്പാദനം, സംസ്ക്കരണം, സംഭരണം, വിതരണം എന്നിവയ്ക്കായി ഒരു കർമ്മപരിപാടി ആവിഷ്ക്കരിച്ച് നടപ്പിലാക്കുക;

(II) ജനിതക വിത്ത്, അടിസ്ഥാന വിത്ത്, സർട്ടിഫൈഡ് വിത്ത് തുടങ്ങിയവയുടെ ലഭ്യത ഉറപ്പുവരുത്തുക;

(III) കർഷകർക്ക് നല്കുന്ന വിവിധയിനം വിത്തുകളുടെ സംഭരണ വില, വിതരണവില തുടങ്ങിയവ പ്രഖ്യാപിക്കുക;

(IV) ഗുണമേന്മയുള്ള വിത്തുൽപ്പാദനത്തിനായി കാലാകാലങ്ങളിൽ അവലംബിക്കേണ്ട പുതിയ മാർഗ്ഗങ്ങളും രീതികളും പ്രഖ്യാപിക്കുക;

(V) വിത്തിന്റെ കരുതൽ ശേഖരം സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

സംസ്ഥാന വിത്തു വികസന അതോറിറ്റി ട്രാവൻകൂർ-കൊച്ചിൻ ലിറ്ററി, സൈന്റിഫിക്, ആന്റ് ചാരിറ്റബിൾ സൊസൈറ്റിസ് ആക്ട് 1955 അനുസരിച്ച് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

19 (*229) സ്വർണ്ണ സമ്പാദ്യ പദ്ധതി

ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രി. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില സ്വർണ്ണവ്യാപാരികൾ സ്വർണ്ണ സമ്പാദ്യ പദ്ധതിയും സ്വർണ്ണ തവണ പദ്ധതിയും നടത്തിവരുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികൾ നടത്തുന്നതിന് ആഭരണശാലകൾക്ക് എന്തെങ്കിലും നിയമപരിരക്ഷ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് സ്വർണ്ണ സമ്പാദ്യപദ്ധതി, തവണ പദ്ധതി എന്നിവ നടത്തുമ്പോൾ ആഭരണശാലകൾ സർക്കാരിലേയ്ക്ക് എന്തെങ്കിലും നികുതി അടയ്ക്കേണ്ടതായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ചില ആഭരണശാലകൾ നിയമവിരുദ്ധമായി സ്വർണ്ണ ആഭരണങ്ങൾക്ക് തവണ പദ്ധതികളും സൗജന്യങ്ങളും പ്രഖ്യാപിച്ച് പൊതുജനങ്ങളെ വഞ്ചിക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ പ്രവണത അവസാനിപ്പിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) അനധികൃതമായി നടത്തുന്ന സ്വർണ്ണ സാമ്പാദ്യപദ്ധതി നിരോധിക്കണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ എന്തെങ്കിലും കേസ് നിലവിലുള്ളതായി അറിവുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) വില്പനനികുതി നിയമത്തിൽ അത്തരം പദ്ധതികൾ നിരോധിക്കുന്നതിന് വകുപ്പുകൾ നിലവിലില്ല.

(സി) വില്പനനികുതി നിയമപ്രകാരം വില്പന പൂർത്തിയാകുമ്പോൾ മാത്രമാണ് നികുതി ബാദ്ധ്യത വരുന്നത്. സ്വർണ്ണാഭരണങ്ങളുടെ കാര്യത്തിലും ഇതര വ്യവസ്ഥയാണ് നിലനില്ക്കുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) അറിവില്ല.

20 (*230) കൃഷി ഭവനുകളുടെ പ്രവർത്തനം

ശ്രീ. എൻ. കണ്ണൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്ത് എത്ര കൃഷിഭവനുകൾ പ്രവർത്തിക്കുന്നുണ്ട്;

(സി) എല്ലാ പഞ്ചായത്തിലും കൃഷിഭവൻ പ്രവർത്തിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ എല്ലാ പഞ്ചായത്തിലും കൃഷിഭവനുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) കൃഷി ഭവനുകൾവഴി കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ഇപ്പോൾ ലഭ്യമാക്കുന്നുണ്ട്;

(എഫ്) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം കർഷകർക്ക് കൃഷിഭവനുകൾവഴി നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(ജി) ആധുനിക കൃഷിരീതി കർഷകരെ പഠിപ്പിക്കാൻ കൃഷിഭവനുകൾ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) കൃഷി ഭവൻ തലത്തിലും ജില്ലാ തലത്തിലും കാർഷിക വികസന സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഈ സമിതികൾ കൃഷിഭവനുവേണ്ട പ്രവർത്തനം വിലയിരുത്തി ആവശ്യമായ ഉപദേശം നൽകുന്നു. കൃഷിഭവൻ ഉദ്യോഗസ്ഥർക്ക് കാലാകാലങ്ങളിലായി നൂതന കാർഷിക സംരംഭങ്ങളിൽ വിദഗ്ധ പരിശീലനം നൽകുന്നു. പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന കൃഷി ഭവനുകളിൽ സാങ്കേതിക വിജ്ഞാന വ്യാപനം നടത്തുന്നതിനും കാർഷിക വിളകളുടെ ഉത്പാദനവും ഉത്പാദനശേഷി വർദ്ധിപ്പിക്കുന്നതി

LIBRARY ARCHIVES Kerala Legislative Assembly